വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗുണമേന്മയുള്ള സെക്കന്ററി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ. 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും ഉൾപ്പെട്ട ധനസഹായത്തോടെയാണ് ഈ പദ്ധതി പ്രവർത്തിച്ചു വരുന്നത്. ഇതുപ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ഒരു ഹെഡ്മാസ്റ്റർക്കും 5 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് കേന്ദ്ര ഗവൺമെന്റ് വേതനം അനുവദിച്ചിട്ടുള്ളത്. അപ്ഗ്രേഡ് ചെയ്ത 112 ആർ.എം.എസ്.എ. സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. പി.എസ്.സി. മുഖേനയും പുനർ വിന്യാസത്തിലൂടെയും ചില സന്ദർഭങ്ങളിൽ വർക്ക് അറേഞ്ച്മെന്റിലും ദിവസവേതനാടിസ്ഥാനത്തിലും അദ്ധ്യാപകരെ നിയമിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മലയാളം, ഹിന്ദി എന്നീ ഭാഷാദ്ധ്യാപകർക്ക് പുറമെ ആവശ്യമായ മറ്റ് ഭാഷാദ്ധ്യാപകരുടെ തസ്തികകളും സൃഷ്ടിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

'റൂസ' പദ്ധതി പ്രകാരമുള്ള കേന്ദ്ര സഹായം

9 (*549) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ സാഹചര്യമൊരുക്കുന്ന 'റൂസ' പദ്ധതിയുടെ പ്രയോജനം പരമാവധി ലഭിക്കാൻ തക്കവിധം ആ മേഖലയിലെ വിദഗ്ധരുടെ സഹായത്താൽ കേന്ദ്ര മാനദണ്ഡപ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സഹായം പരമാവധി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

സ്വീകരിച്ചിട്ടുണ്ട്. റിസർച്ച് ആന്റ് ഇന്നൊവേഷൻ ഘടകത്തിൽ റൂസ മിഷന്റെ നിർദ്ദേശപ്രകാരം വിദഗ്ധ സഹായത്താൽ പ്രോജക്ടുകൾ തയ്യാറാക്കിവരുന്നു. ഗുണമേന്മ വർദ്ധിപ്പിക്കുവാൻ, അക്രഡിറ്റേഷൻ നിർബന്ധമാക്കി, സ്വയംഭരണ കോളേജുകൾ അനുവദിച്ചു, സി.ബി.സി.എസ്.എസ്. (Choice Based Credit and Semester System) ഭംഗിയായി നടപ്പിലാക്കുകയും ചെയ്തു. റൂസയുടെ പ്രൊഫസർമാരടങ്ങുന്ന എക്സ്പേർട്ട് പാനലിന്റെ സഹായത്തോടെ പദ്ധതികൾ തയ്യാറാക്കിവരുന്നു. റൂസ പദ്ധതിയുടെ ഭാഗമായി നടപ്പ് പഞ്ചവത്സര പദ്ധതി കാലയളവിൽ 15 സർക്കാർ കോളേജുകൾക്ക് രണ്ട് കോടിരൂപ വീതവും നാല് യൂണിവേഴ്സിറ്റികൾക്ക് 20 കോടിരൂപ വീതവും നൽകാൻ റൂസ അനുമതി നൽകിയിട്ടുണ്ട്.

ഭക്ഷണവില നിയന്ത്രണ അതോറിറ്റി

10 (*550) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷണവില നിയന്ത്രണ അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അതോറിറ്റിയുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ&ബി) ഭക്ഷണവില നിയന്ത്രിക്കാനുള്ള കരട് ബിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly